"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - കൊല്ലം തഴവ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിലെ വല്യത്ത് കാഞ്ഞിരത്തിനാൽ ഓടനിർമ്മാണത്തിലെ അപാകതകൾ- വകുപ്പുതല അച്ചടക്കനടപടി- 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15(2) പ്രകാരം ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയെ നിയോഗിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇഡബ്ല്യൂഎ) വകുപ്പ്**

സ.ഉ.(സാധാ) നം.906/2026/LSGD തീയതി,തിരുവനന്തപുരം, 22-04-2026

---

പരാമർശം:-

1. വിജിലൻസ് വകുപ്പിന്റെ 12.10.2022-ലെ VIG-D3/109/2022-VIG നമ്പർ കത്ത്.
2. വിജിലൻസ് ഡയറക്ടറുടെ 27.05.2022-ലെ ഇ3(എസ്.സി.22/2021/കൊല്ലം)3383/2021 നമ്പർ കത്ത്.
3. മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മനോജ് എം.ഒ., മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. ജി. ചന്ദ്രദാസ് എന്നിവർക്കെതിരെയുള്ള 31.01.2023-ലെ കുറ്റപത്രവും കുറ്റാരോപണ പത്രികയും.
4. മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.മനോജ് എം.ഒ. സമർപ്പിച്ച 06.11.2025-ലെ പ്രതിവാദപത്രിക.

**ഉത്തരവ്**

കൊല്ലം തഴവ ഗ്രാമപഞ്ചായത്ത് LSGD അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിൽ 22.09.2021 -ാം തീയതി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ, എസ്റ്റിമേറ്റ് പ്രകാരം 99 മീറ്റർ നീളത്തിൽ ഓട നിർമ്മിച്ച് 85 സെന്റീമീറ്റർ നീളവും 50 സെന്റീമീറ്റർ വീതിയും 15 സെന്റിമീറ്റർ ഘനവുമുള്ള കവർ സ്ലാബ് 97.05 മീറ്റർ നീളത്തിൽ ഇടുന്നതിന് കരാർ ഒപ്പ വച്ചിരുന്നുവെങ്കിലും ആകെ 97.45 മീറ്റർ നീളത്തിൽ നിർമ്മിച്ച ടി ഓടയിൽ 87.35 മീറ്റർ സ്ഥലത്തു മാത്രമാണ് കവർ സ്ലാബ് ഇട്ടിട്ടുള്ളത് എന്നും ടി പ്രവൃത്തി അവസാനിക്കുന്ന വല്യയ്യത്ത് കെ. വാസുദേവൻ സ്മാരക 76-ാം നമ്പർ അംഗൻവാടിയോട് ചേർന്നുള്ള ഭാഗത്ത് ഓടയ്ക്ക് മുകളിൽ കവർസ്ലാബ് ഇടാത്തതിനാൽ തുറസ്സായി കിടക്കുന്ന 10.10 മീറ്റർ നീളത്തിലുള്ള ഓട ടി

അംഗൻവാടിയിലെ കുട്ടികളുടെ സുരക്ഷിതത്വത്തെ ബാധിക്കുന്നതായും കൂടാതെ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിക്കാതെ അസിസ്റ്റന്റ് എഞ്ചിനിയർ മെഷർമെന്റ് ബുക്കിൽ നടത്തിയ രേഖപ്പെടുത്തലുകൾ ചെക്ക് മെഷർ ചെയ്ത് കരാറുകാരന് ഫൈനൽ സെറ്റിൽമെന്റ് ആയി 19,273/- രൂപ GST ഉൾപ്പെടെ ആകെ 4,51,997/- രൂപ നൽകിയതിലും പഴയ ഓട പൊളിച്ച കോൺക്രീറ്റ് അവശിഷ്ടങ്ങൾ സമീപവാസികളുടെ പുരയിടങ്ങളിലേക്കും അംഗൻവാടിയുടെ മുന്നിലേക്കും അലക്ഷ്യമായി നിക്ഷേപിച്ചതിലും സ്ലാബിന്റെ വശങ്ങളിൽ നിന്നും റോഡിലേക്ക് തള്ളി നിൽക്കുന്ന തുരുമ്പിച്ച ആണികൾ നീക്കം ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിലും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതായി കണ്ടെത്തുകയും ടി അപാകതകൾക്ക് ഉത്തരവാദികളായ തഴവ ഗ്രാമപഞ്ചായത്ത് LID&EW സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജി.ചന്ദ്രദാസ് (പെൻ-403337), അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ഓച്ചിറ LID&EW സബ് ഡിവിഷൻ ശ്രീ. മനോജ് എം.ഒ.(പെൻ-549514) എന്നിവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി പരാമർശം 2 -ലെ അന്വേഷണ റിപ്പോർട്ട് പരാമർശം 1 പ്രകാരം വിജിലൻസ് വകുപ്പ് ലഭ്യമാക്കി.

ടി ജീവനക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിച്ച് പരാമർശം 2 പ്രകാരം കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകുകയും ശ്രീ. മനോജ്.എം.ഒ. പരാമർശം 3 പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും പ്രതിവാദപത്രികയിൽ ടിയാൻ കുറ്റം നിഷേധിക്കുകയുമുണ്ടായി. നിർദ്ദേശിച്ച കാലയളവിൽ ശ്രീ. ജി. ചന്ദ്രദാസ് പ്രതിവാദപത്രിക സമർപ്പിച്ചില്ല. ടിയാൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെയുള്ള അച്ചടക്കനടപടി തുടരാൻ സർക്കാർ തീരുമാനിച്ചു.

അതിനാൽ തഴവ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. ജി.ചന്ദ്രദാസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ ശ്രീ. മനോജ് എം.ഒ., എന്നിവർക്കെതിരെ സ്വീകരിച്ചു വന്ന അച്ചടക്കനടപടിയുടെ അടുത്തപടിയായി അതേ ചട്ടങ്ങളിലെ 15(2) പ്രകാരം മേൽ വിഷയത്തിൽ ഔപചാരിക അന്വേഷണം നടത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിനായി കൊല്ലം ജില്ലാ പഞ്ചായത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ **ശ്രീമതി ഷൈനി എൻ. (PEN:495196)-നെ** അന്വേഷണ ഉദ്യോഗസ്ഥയായി നിയോഗിച്ച് ഉത്തരവാകുന്നു.

അന്വേഷണ ഉദ്യോഗസ്ഥ KCS(CCA)Rules - 1960, Manual of Disciplinary Procedure എന്നിവയിൽ അനുശാസിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് കുറ്റവുമായി ബന്ധപ്പെട്ട കണ്ടെത്തലുകളും അതിന് അധാരമായ രേഖകളും വാദിഭാഗം,

പ്രതിഭാഗം, സാക്ഷിമൊഴികൾ, അന്വേഷണ ഉദ്യോഗസ്ഥന്റെ അഭിപ്രായം എന്നിവയെല്ലാം ഉൾപ്പെടുത്തിയുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി ഷൈനി എൻ. (പെൻ-495196), എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്ത്, കൊല്ലം **(ബന്ധപ്പെട്ട രേഖകൾ സഹിതം)**
2. ശ്രീ. ജി.ചന്ദ്രദാസ് (പെൻ-403337), അസിസ്റ്റന്റ് എഞ്ചിനിയർ, തഴവ ഗ്രാമപഞ്ചായത്ത്, കൊല്ലം.
3. ശ്രീ. മനോജ് എം.ഒ., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, തഴവ ഗ്രാമപഞ്ചായത്ത്,കൊല്ലം.
   (**1, 2,3 പ്രിൻസിപ്പൽ ഡയറക്ടർ മുഖേന.**)
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.(**ഈ ഉത്തരവ് പ്രകാരമുള്ള അടിയന്തര നടപടിയ്ക്കായി.**)
5. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
6. കരുതൽ ഫയൽ (EWA1/88/2022-LSGD).

ഉത്തരവിൻ പ്രകാരം
Signed by
Asha. R
Date: 22-04-2026 13:55:30
സെക്ഷൻ ഓഫീസർ